# നിരവധി കേസ്സുകളിലെ പ്രതിയെ ‘കാപ്പ’ നിയമപ്രകാരം നാടുകടത്തി

തിരുവനന്തപുരം:- നിരവധി ക്രിമിനൽ കേസ്സുകളിൽ ഏർപ്പെട്ട് ജനങ്ങളുടെ സൈ്വര്യജീവിതത്തിന് നിരന്തരം തടസ്സം സൃഷ്ടിച്ചു വന്നയാളെ ‘കാപ്പ’ (KAA(P)A) നിയമപ്രകാരം നാടുകടത്തി. കോവളം മുട്ടയ്ക്കാട് അരിവാൾ കോളനിയിൽ ‘കാട്ടിലെ കണ്ണൻ’ എന്ന് വിളിക്കുന്ന വിമൽമിത്ര (21)-യെയാണ് തിരുവനന്തപുരം സിറ്റി പോലീസിന്റെ അധികാര പരിധിയ്ക്കുള്ളിൽ വരുന്ന പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിന് ഒരു വർഷക്കാലത്തേയ്ക്ക് വിലക്കിക്കൊണ്ട് സിറ്റി പോലീസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചത്.

തിരുവനന്തപുരം ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പ്രദേശങ്ങളിൽ നിരന്തരം നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തി വന്ന ഇയാൾക്കെതിരെ വധശ്രമം, കഠിന ദേഹോപദ്രവം, കഞ്ചാവ് കച്ചവടം, മോഷണം തുടങ്ങിയ വിവിധ കുറ്റകൃത്യങ്ങൾക്ക് 11-ഓളം കേസ്സുകൾ നിലവിലുണ്ട്. ജനങ്ങളുടെ സൈ്വര്യജീവിതത്തിന് നിരന്തരം ഭീഷണിയായ പ്രതിയെ സംബന്ധിച്ച് കോവളം എസ്.എച്ച്.ഒ പ്രൈജു നൽകിയ റിപ്പോർട്ട് പരിശോധിച്ച് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.വൈഭവ് സക്സേനയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ‘കാപ്പ’ നിയമം വകുപ്പ് 15(1) പ്രകാരം സിറ്റി പോലീസ് കമ്മീഷണർ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചത്. സിറ്റി പോലീസ് കമ്മീഷണറുടെ മുൻകൂർ അനുമതി ഇല്ലാതെ തിരുവനന്തപുരം നഗരപരിധിയിൽ പ്രവേശിച്ചാൽ ഇയാൾക്കെതിരെ “കാപ്പ” നിയമപ്രകാരമുള്ള ശക്തമായ തുടർനടപടികൾ സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.



കാപ്പ നിയമപ്രകാരം നാടുകടത്തിയ പ്രതി
വിമൽ മിത്ര (21)